(ഡി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ തന്നെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. മേൽ പദ്ധതിയനുസരിച്ച് സ്വർണ്ണാഭരണ നിർമ്മാണ തൊഴിലാളികൾക്കും അംഗങ്ങളാകാവുന്നതാണ്.

(ഇ) ഇങ്ങനെ ഒരാവശ്യം ഇതുവരെ ഉയർന്നു വന്നിട്ടില്ല. എന്നിരുന്നാലും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർ സന്നദ്ധമാണ്.

തൊഴിലുടമാ വിഹിതം അടയ്ക്കാത്തവർക്കെതിരെ നിയമ നടപടി

47 (1199) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലുടമാ വിഹിതം അടയ്ക്കാതിരിക്കുന്നതിനെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്കെതിരെ എന്ത് നിയമനടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂരിലെ ശ്രീ. പി. വി. കൃഷ്ണൻ (സി.ഐ.ടി.യു)-ൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 9-ാം വകുപ്പ് പ്രകാരം ഓരോ തൊഴിലുടമയും തന്റെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പേരിൽ മുൻകൂർ ക്ഷേമനിധി അംശദായം അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഓരോ മാസത്തേയും മുൻകൂർ ക്ഷേമനിധി വിഹിതം തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി ഒടുക്കുന്നതിന് നിയമം അനുശാസിക്കുന്നു. എന്നാൽ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം തൊഴിലുടമകളും മുൻകൂർ ക്ഷേമനിധി വിഹിതം അടയ്ക്കാറില്ല. തുക അടക്കാത്തവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക പിരിച്ചെടുക്കുന്ന നടപടി ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ നിയമത്തിലെ സെക്ഷൻ 8(1) പ്രകാരം ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ പേരിൽ ഓരോ വർഷവും ക്ഷേമനിധി അംശദായം അന്തിമമായി തിട്ടപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് ലഭിച്ച ശേഷവും തുക അടക്കാത്ത തൊഴിലുടമകളുടെ പേരിൽ നിയമത്തിലെ 10 വകുപ്പ് പ്രകാരം 9 ശതമാനം നിരക്കിൽ പലിശ ഉൾപ്പെടെ കുടിശ്ശിക റവന്യൂ റിക്കവറി നടപടിയിലൂടെ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നു.

പീരുമേട് ടീ കമ്പനി തേയില തോട്ടങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ

48 (1200) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly